| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാറാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1917 | 16/02/2016 ൽ മറുപടിക്ക് |
| ബാർ കോഴക്കേസ് | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>,, സി.പി.മുഹമ്മദ്<br>,, ജോസഫ് വാഴയ്ക്കൻ<br>,, കെ.അച്ചുതൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ) | |
| (എ) | ബാർ കോഴക്കേസ് അന്വേഷിച്ച എസ്.പി ആർ. സുകേശൻ ബാർ ഉടമകളുമായി ചേർന്ന് സർക്കാരിനെതിരെ ഗൂഡാലോചന നടത്തിയെന്നും ഇത് ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്നും വിജിലൻസ് ഡയറക്ടർ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ജുഡീഷ്യൽ മജിസ്ട്രേറ്റ് മുൻപാകെ ശ്രീ.ബിജു രമേശ് ഹാജരാക്കിയ സി.ഡി.യിൽ ശ്രീ.ബിജു രമേശും VC 6/14/SIU-I കേസിലെ അന്വേഷണ ഉദ്യോഗസ്ഥനായ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എസ്.ഐ.യു I യൂണിറ്റിലെ പോലീസ് സൂപ്രണ്ട് ശ്രീ.ആർ.സുകേശനുമായുള്ള സംഭാഷണ ശകലങ്ങളിൽ നിന്നും ഗൗരവമേറിയ വിവരങ്ങൾ വെളിപ്പെടുന്നു എന്നും ആയതിനാൽ ഈ വിഷയത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ പങ്ക് സംബന്ധിച്ച് ക്രൈംബ്രാഞ്ച് മുഖേന അന്വേഷണം വേണമെന്ന് വിജിലൻസ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി. |
| (സി) | ഇത് സംബന്ധിച്ച് എസ്.പി. ക്കെതിരെ ഏതെല്ലാം രീതിയിലുള്ള അന്വേഷണമാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ശുപാർശയിൻമേൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്കും ക്രൈം എ.ഡി.ജി.പി.യ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ